04 OCT 2007

കേരള സർക്കാർ

പൊതുഭരണ (ഏകോപന) വകുപ്പ്

നം.62797/സി.ഡി.എൻ1/07/പൊ.ഭ.വ തിരുവനന്തപുരം, തീയതി: 27.09.2007

**<u>സർക്കുലർ</u>**

വിഷയം:- പൊതുഭരണ വകുപ്പ് - സർക്കാർ ഓഫീസുകൾ പ്ലാസ്റ്റിക് മാലിന്യ മുക്തമാക്കാൻ ഉദ്യോഗസ്ഥ തലത്തിൽ സ്വീകരിക്കേണ്ടുന്ന നടപടികൾ - നിർദ്ദേശങ്ങൾ നൽകുന്നത് സംബന്ധിച്ച്.

പരാമർശം:- സ.ഉ.(സാധാ) നം.2042/2007/ത.സ്വ.ഭ.വ തീയതി 28.07.2007.

......

സംസ്ഥാനത്ത് മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് സർക്കാർ പല നടപടികളും സ്വീകരിച്ചു വരുന്നു. ഇതുമായി ബന്ധപ്പെട്ട് 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് വസ്തുക്കൾ നിരോധിക്കുകയും, ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട വകുപ്പുകളെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്ലാസ്റ്റിക്കിന്റെ അമിത ഉപയോഗം മൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച്.വിപുലമായ പ്രചരണ പരിപാടികൾ നടത്തി വരുന്നു. ഇത്തരത്തിൽ വിപുലമായ പ്രചരണ പരിപാടികൾ സംഘടിക്കുമ്പോൾ സർക്കാർ ഓഫീസുകൾ മാലിന്യമുക്തമാക്കേണ്ടത് അത്യാവശ്യമാണ്. ഈ സാഹചര്യത്തിൽ സർക്കാർ ഓഫീസുകൾ പ്ലാസ്റ്റിക് മാലിന്യ മുക്തമാക്കാൻ ഉദ്യോഗസ്ഥ തലത്തിൽ നടപടി സ്വീകരിക്കുന്നതിനായി ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

എല്ലാ സർക്കാർ/ അർദ്ധ സർക്കാർ /പൊതുമേഖലാ/ സ്വയംഭരണ/ സഹകരണ സ്ഥാപനങ്ങളിലും നടപ്പിലാക്കി വരുന്ന പരിപാടികളിൽ പരിസ്ഥിതി മലിനീകരണം സൃഷ്ടിക്കുന്ന പ്ലാസ്റ്റിക് ബാനർ, പോസ്റ്റർ, പ്ലാസ്റ്റിക് കൊടി തോരണങ്ങൾ എന്നിവ നിർബന്ധമായും ഒഴിവാക്കേണ്ടതാണ്. ഓഫീസിലെ സ്ഥിര ആവശ്യങ്ങൾക്കായി സ്റ്റീൽ ഗ്ലാസ്, പാത്രങ്ങൾ മാത്രം വാങ്ങി വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. പ്ലാസ്റ്റിക് കപ്പുകൾ, കുപ്പികൾ തുടങ്ങിയവ നിർബന്ധമായും ഒഴിവാക്കേണ്ടതാണ്.

To, OM
5/10/07

നിരോധിക്കപ്പെട്ടതുൾപ്പെടെയുള്ള പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഉപേക്ഷിച്ചും, അവ ഓഫീസുകളിൽ കൊണ്ടു വരാതെയും, പ്ലാസ്റ്റിക്കിന് ബദലായുള്ള ഉൽപ്പന്നങ്ങൾ ഉപയോഗിച്ചും സർക്കാരിന്റെ പ്രവർത്തനങ്ങളോട് സർവ്വാത്മനാ സഹകരിക്കാൻ എല്ലാ ജീവനക്കാരോടും അഭ്യർത്ഥിക്കുന്നു. എല്ലാ സർക്കാർ ഓഫീസുകളിലെയും പ്ലാസ്റ്റിക് മാലിന്യങ്ങൾ പരിസര മലിനീകരണം സൃഷ്ടിക്കുന്ന അവസ്ഥയിൽ നിന്നും ശേഖരിച്ച് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കേണ്ടതും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പുന:ചംക്രമണ ശേഖരണ സംവിധാനങ്ങളുമായി ബന്ധപ്പെട്ട് ഇവ പുനരുപയോഗ യോഗ്യമാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതുമാണ്. ഓഫീസുകളിലെ പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിനായി അതാത് ഓഫീസ് മേധാവികൾ മറ്റു ജീവനക്കാരുടെയും സംഘടനകളുടെയും സഹകരണത്തോടെ അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്. എല്ലാ സർക്കാർ ആഫീസുകളിലും പുകവലിക്കെതിരെയുള്ള പോലെ പ്ലാസ്റ്റിക് മാലിന്യത്തിനെതിരെ ബോർഡുകൾ സ്ഥാപിക്കേണ്ടതാണ്.

സന്നദ്ധ സംഘടനകളുടെയും, ജീവനക്കാരുടെ വിവിധ സംഘടനകളുടെയും അതാത് വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ജീവനക്കാർക്കായി, പ്ലാസ്റ്റിക്കിന്റെ അമിത ഉപയോഗവും അത് പരിസ്ഥിതിക്കുണ്ടാക്കുന്ന ആഘാതത്തെയും കുറിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

.........2

പ്രതിമാസം നടത്താറുള്ള ജില്ലാതല/ വകുപ്പുതല മീറ്റിംഗുകളിൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ജില്ലാ മേധാവികൾ /വകുപ്പു മേധാവികൾ വിലയിരുത്തേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകി ഗവൺമെൻറിന്റെ ഉദ്യമം വിജയിപ്പിക്കാൻ പരിശ്രമിക്കേണ്ടതുമാണ്. സർക്കുലറിലെ നിർദ്ദേശങ്ങൾ ഓഫീസ് മേധാവികൾ എല്ലാ ജീവനക്കാരുടെയും ശ്രദ്ധയിൽകൊണ്ടു വരേണ്ടതും ഇതു സംബന്ധിച്ച എല്ലാ പ്രവർത്തനങ്ങളിലും മുഴുവൻ ജീവനക്കാരുടെയും സഹകരണം ഉറപ്പു വരുത്തേണ്ടതുമാണ്.

സെക്രട്ടേറിയറ്റിൽ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ചുള്ള നടപടികൾ പൊതുഭരണ (ഹൗസ്കീപ്പിംഗ്) വകുപ്പ് കൈക്കൊള്ളേണ്ടതാണ്.

പി. ഗീതാ തങ്കച്ചി
അഡീഷണൽ സെക്രട്ടറി

ഗവർണ്ണറുടെ സെക്രട്ടറിക്ക്.
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം.
എല്ലാ വകുപ്പ് അദ്ധ്യക്ഷന്മാർക്കും, ജില്ലാ കളക്ടർമാർക്കും.
എല്ലാ അർദ്ധ സർക്കാർ/പൊതുമേഖലാ/സഹകരണ സ്ഥാപനങ്ങൾക്കും.
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് ഡയറക്ടർക്ക് (മാധ്യമങ്ങളിലൂടെ ആവശ്യമായ പ്രചരണം നൽകുന്നതിന്)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ; കേരള /കൊച്ചിൻ/കാലിക്കട്ട്/മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി/
ശ്രീ ശങ്കര സംസ്കൃത യൂണിവേഴ്സിറ്റി/കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി.
സെക്രട്ടറി, കെ.എസ്.ഇ.ബി. തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി., തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗര കാര്യ ഡയറക്ടർ, തിരുവനന്തപുരം
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.
മുഖ്യമന്ത്രിയുടെ / മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.
സ്പീക്കർ/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പിന്.
പൊതുഭരണ (ഹൗസ് കീപ്പിംഗ്) വകുപ്പിന്.

ഉത്തരവിൻ പ്രകാരം

(signature)

സെക്ഷൻ ഓഫീസർ